Reg. No. : ......................................

Name : ...........................................

**FY-208**

**FIRST YEAR HIGHER SECONDARY EXAMINATION, SEPTEMBER 2021**

Part – II

Time : $2\frac{1}{2}$ Hours

Cool-off time : 20 Minutes

# മലയാളം

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരം എഴുതുക. (2 സ്കോർ വീതം)** **(3 × 2 = 6)**

1. ‘ജോനാഥൻ എന്ന കടൽക്കാക്ക’യുമായി ചേർന്നു നില്ക്കുന്ന രണ്ട് ആശയങ്ങൾ എഴുതുക ?

   - മഹത്തായ സ്വപ്നങ്ങൾ കാണുക.
   - ഇരതേടിപ്പിടിച്ച് ഒതുങ്ങി കഴിയുക.
   - പരിമിതികളെ മറികടക്കാൻ ആഗ്രഹിക്കുക.
   - താണു പറന്നു രസിക്കുക.

2. ‘ഓർമ്മയുടെ ഞരമ്പ്’ എന്ന കഥയിൽ പ്രസക്തമായ കാര്യങ്ങൾ രണ്ടെണ്ണം എടുത്തെഴുതുക ?

- സ്ത്രീകളുടെ രാഷ്ട്രീയ പ്രവേശത്തെപ്പറ്റിയാണ്.
- കുടുംബത്തിലെ അസ്വസ്ഥതകളെപ്പറ്റിയാണ്.
- പുരുഷാധിപത്യത്തിനുമേലുള്ള വിജയത്തെപ്പറ്റിയാണ്.
- വിരസമായ വാർദ്ധക്യ ജീവിതത്തെപ്പറ്റിയാണ്.

3. ‘മത്സ്യ’ത്തിന്റെ അതിജീവനത്തെ സൂചിപ്പിക്കുന്നവ രണ്ടെണ്ണം എഴുതുക ?

- കടൽത്തിരയോട് ഒറ്റയ്ക്ക് പൊരുതുക.
- ചൂണ്ടകൊളുത്തുകൾക്ക് കീഴടങ്ങുക.
- വലക്കണ്ണികളിൽ നിന്ന് രക്ഷപ്പെടുക.

  ഉപ്പുവയലിലേക്ക് സഞ്ചരിക്കുക.

4. “മാമ്പൂവിൻ നിശ്വാസമേറ്റോർമ്മകൾ മുരളുമ്പോൾ നാം പൂകുകല്ലി വീണ്ടും ജീവിത മധുമാസം !” (ഊഞ്ഞാലിൽ) ഈ വരികളിലെ ആശയത്തോടു യോജിച്ചു നില്ക്കുന്ന രണ്ടെണ്ണം എഴുതുക ?

- ഓർമ്മകൾ നഷ്ടപ്പെടുന്നതിലുള്ള വേദന.
- ദാമ്പത്യ ജീവിതത്തിന്റെ വസന്തകാലം.
- പ്രകൃതിസൗന്ദര്യം മനുഷ്യജീവിതവുമായി കൂടിച്ചേരൽ
- മാമ്പൂവിന്റെ ഗന്ധം സൃഷ്ടിച്ച അസ്വസ്ഥത.

5. ‘കായലരികത്ത്’ എന്ന ചലച്ചിത്രഗാനത്തിന് ചേരുന്ന രണ്ടു സവിശേഷതകൾ എഴുതുക ?

- മാപ്പിളപ്പാട്ടിന്റെ ഈണം.
- നഗര ജീവിതത്തിന്റെ പ്രതിഫലനം.
- നാടൻ മട്ടിലുള്ള തുറന്നു പറച്ചിൽ.
- കാർഷിക സമൃദ്ധിയെക്കുറിച്ചുള്ള സൂചന

6. ചുവടെ തന്നിരിക്കുന്നവയിൽ 'അനുകമ്പ' എന്ന പാഠഭാഗത്തിന് യോജിച്ച രണ്ടെണ്ണം എഴുതുക ?

- അനുകമ്പ ദുഃഖത്തിനു കാരണമാകുന്നു.
- അരുളുള്ള വനാണുജീവി.
- സഹജീവികളോടു സ്നേഹം പാടില്ല.
- ഇരുട്ടു കാരുണ്യത്തെ ഇല്ലാതാക്കും.

**7 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും നാലെണ്ണത്തിന് 1-2 വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

7. 'സന്ദർശന'ത്തിലെ 'നരകരാത്രി', 'നിത്യപ്രയാണം' തുടങ്ങിയ പദങ്ങൾ ആവിഷ്കരിക്കുന്ന ഭാവങ്ങൾ ഏതൊക്കെയാണ് ?

8. ആകാശത്തോളം ഉയരണമെങ്കിൽ ബലിഷ്ഠമായ വേരുകൾ വേണം (വേരുകൾ നഷ്ടപ്പെടുത്തുന്നവർ) എന്ന് ലേഖകൻ പറയുന്നതിന്റെ ഔചിത്യമെന്താണ് ?

9. "കഴിഞ്ഞതെല്ലാം മറന്നെനിക്കു കേറിപ്പറ്റാൻ കതകു തുറക്കുമോ ? വിളക്കുകൊളുത്തുമോ ?" (ഇരുട്ടിലെ മനുഷ്യൻ) കവിക്ക് ഇപ്രകാരം അഭ്യർത്ഥന നടത്തേണ്ടിവന്ന സാഹചര്യം എന്താവാം ?

10. 'അനർഘനിമിഷ'ത്തിലെ നായകൻ അഭിസംബോധന ചെയ്യുന്ന 'നീ' ആരാണ് ? നിങ്ങളുടെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുക.

11. "പുസ്തകം തിന്നുന്നവൻ പുസ്തകപ്പുഴുവാകാം. പക്ഷേ, മണ്ണുതിന്നുന്നവൻ ഞാഞ്ഞൂളായിത്തീരുന്നു." (കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ) ഈ വാക്യത്തിലൂടെ ലേഖകൻ മുന്നോട്ടുവെയ്ക്കുന്ന കാഴ്ചപ്പാട് എന്താണ് ?

12. “എത്ര ദുർബലയാണു താൻ ! എത്ര ഹീനയാണ് !” (ലാത്തിയും വെടിയുണ്ടയും) തങ്കം നായരുടെ ഈ ആത്മഗതത്തിനു പിന്നിലുള്ള മനോഭാവം എന്തായിരിക്കാം ?

13. ‘സൈക്കിൾ മോഷ്ടാക്കൾ’ എന്ന ചലച്ചിത്രത്തിൽ ആൾക്കൂട്ടം പലപ്പോഴും റിച്ചിയുടെ ശത്രുപക്ഷത്താണു നിലകൊള്ളുന്നത്. രണ്ടു സന്ദർഭങ്ങൾ എഴുതുക ?

14. ‘മുഹ്‌യുദ്ദീൻ മാല’ യിൽ വാഴ്ത്തപ്പെടുന്ന ശൈഖ് മുഹ്‌യുദ്ദീൻ അബ്ദുൽ ഖാദിർ ജീലാനിയുടെ അപദാനങ്ങൾക്കു രണ്ട് ഉദാഹരണം പാഠഭാഗത്തു നിന്നും എഴുതുക ?

**15 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും അഞ്ച് എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം. (5 × 4 = 20)**

15. “സ്മരണതൻ ദൂരസാഗരം തേടിയെൻ ഹൃദയരേഖകൾ നീളുന്നു പിന്നെയും” (സന്ദർശനം) സ്മരണകളെ സാഗരത്തോടു ചേർത്തു പറഞ്ഞിരിക്കുന്നത് എത്രത്തോളം ഉചിതമാണ്. പരിശോധിക്കുക ?

16. ‘ഓർമ്മയുടെ ഞരമ്പ്’ എന്ന കഥയിൽ ‘ഞരമ്പ്’ ഒരു പ്രതീകമായി മാറുന്നുണ്ടോ ? വിലയിരുത്തുക.

17. “രോഗങ്ങളെ മാത്രം ഭയന്നു ജീവിക്കുന്നവർക്ക്, കാട്ടുചോലയിലെ ജലം, മണ്ണ്, വായു, സൂര്യപ്രകാശം, കാറ്റ്, മഴ ഒക്കെ അന്യമാണ്.” (വേരുകൾ നഷ്ടപ്പെടുത്തുന്നവർ) ലേഖകന്റെ നിരീക്ഷണത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ ? പ്രതികരണ കുറിപ്പ് തയ്യാറാക്കുക.

18. ‘സ്വാതന്ത്ര്യദാഹിയായ വ്യക്തിയാണോ മത്സ്യം’ ? പരിശോധിക്കുക.

19. “ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെയുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം !” (ഊഞ്ഞാലിൽ) ഈ വരികളിൽ തെളിയുന്ന ജീവിതപാഠം വ്യക്തമാക്കുക ?

20. “എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല” (അനർഘനിമിഷം) ‘ചിരിക്കകത്തുള്ള ദുഃഖം’ എന്ന പ്രയോഗത്തിന്റെ അർത്ഥസൂചനകളെ മനുഷ്യജീവിതവുമായി ബന്ധിപ്പിക്കാൻ കഴിയുമോ ? അഭിപ്രായങ്ങൾ രേഖപ്പെടുത്തുക.

21. “അപ്പുവും മധുവും ഇവരോടു ചേരാതിരിക്കുവാൻ വേണ്ടി എത്ര ശ്രമപ്പെട്ടാണു നാട്ടിലേക്ക് അയച്ചതെന്ന് അവരോർത്തു.” (ലാത്തിയും വെടിയുണ്ടയും) സ്വാതന്ത്ര്യ സമരത്തോടുള്ള എതിർപ്പാണോ തങ്കംനായരെ ഇതിനു പ്രേരിപ്പിച്ചത് ? പരിശോധിക്കുക.

22. “നമ്മുടെ ജനപ്രിയ സിനിമകൾ സ്വപ്നലോകത്തിന്റെ ഭ്രമാത്മകതയെയാണ് പൊതുവേ പ്രതിഫലിപ്പിക്കുന്നത്” (സിനിമയും സമൂഹവും) ഈ നിരീക്ഷണത്തോടു നിങ്ങൾ അനുകൂലിക്കുന്നുണ്ടോ ? വിശദമാക്കുക.

23. ‘കൈപ്പാട്’, ‘കേൾക്കുന്നുണ്ടോ’ എന്നീ ചിത്രങ്ങൾ പരിസ്ഥിതി സംബന്ധമായ ആശങ്കകൾ പങ്കുവയ്ക്കുന്നുണ്ടോ ? താരതമ്യം ചെയ്ത് ലഘുകുറിപ്പ് തയ്യാറാക്കുക.

24. “കണ്ണുകളിൽ വഴിയുന്ന വാത്സല്യത്തോടെ അമ്മ ഈ വയസ്സൻ മകനെ തൊട്ടും പിടിച്ചും കൊണ്ട് പിറകെ നടക്കുന്നു” (ശസ്ത്രക്രിയ)

“പിള്ളരേ നുള്ളിനാനെന്നങ്ങു ചൊല്ലീട്ടു പീലികൊണ്ടെന്നെയടിച്ചാളമ്മ” (പീലിക്കണ്ണുകൾ) മാതൃസ്നേഹത്തിന്റെ ആവിഷ്കാരം വ്യത്യാസ്തകാലഘട്ടങ്ങളിലെ എഴുത്തുകാർ അനുഭവിപ്പിക്കുന്നത് സമാന രീതിയിലാണോ ? താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**25 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം. (5 × 6 = 30)**

25. 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിലെ വൃദ്ധ രചിച്ച മൂന്നുകഥകൾ അവരുടെ തന്നെ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നുണ്ടോ ? വിലയിരുത്തുക.

26. "വസിക്കാൻ ഇടമില്ലാത്ത ഇടങ്ങളിൽ പുതിയ പുതിയ പാതകളും പദ്ധതികളുമായി വരുന്നവർക്ക് മണ്ണിനെകുറിച്ചും വേരുകളെക്കുറിച്ചും എന്തറിയാം." (വേരുകൾ നഷ്ടപ്പെടുത്തുന്നവർ) ലേഖകന്റെ അഭിപ്രായത്തോടു പ്രതികരിച്ചുകൊണ്ടു കുറിപ്പ് തയ്യാറാക്കുക. ?

27. ഒറ്റയ്ക്കാണെങ്കിലും പൊരുതാനും അതിജീവിക്കാനുമുള്ള ശ്രമങ്ങളാണോ 'മത്സ്യ'ത്തെ വ്യത്യസ്ത നാക്കുന്നത് ? വിലയിരുത്തുക.

28. "അനേകം അർഥങ്ങളെ നിഷ്പാദിപ്പിക്കുന്ന വാഗ്ബിന്ദുക്കളാണ് കവി തിരഞ്ഞെടുക്കുന്നത്." എം.എൻ. വിജയന്റെ നിരീക്ഷണത്തെ

"പൂങ്കിളി കൗമാരത്തിനിത്തിരി കാലം വേണം

മാങ്കനികളിൽ നിന്നു മാമ്പൂവിലെത്തിച്ചേരാൻ" (ഊഞ്ഞാലിൽ) ഈ വരികളെ മുൻനിർത്തി വിശകലനം ചെയ്യുക ?

29. ഒരേ ആകാശത്തു പ്രത്യക്ഷപ്പെടുന്ന വിമാനവും തിരുവാതിരനക്ഷത്രവും 'ഊഞ്ഞാലിൽ' എന്ന കവിതയ്ക്കു നല്കുന്ന അർത്ഥസാദ്ധ്യതകൾ വിശദമാക്കുക ?

30. മരണത്തെ മുഖാമുഖം കാണുന്ന ഒരു വ്യക്തിയുടെ യാത്രപറച്ചിലാണോ 'അനർഘനിമിഷം' ? കഥാസന്ദർഭങ്ങളെ മുൻനിർത്തി വിലയിരുത്തുക.

31. 'വീരകുമാരൻ' (ലാത്തിയും വെടിയുണ്ടയും) സ്വന്തം ജീവിതം കൊണ്ടും സമൂഹത്തിനു നല്കിയ സന്ദേശമെന്താണ് ? പാഠഭാഗത്തെ ആസ്പദമാക്കി നിഗമനങ്ങൾ അവതരിപ്പിക്കുക.

32. കുടുംബ ബന്ധത്തിന്റെ ആഴവും തീവ്രതയും വ്യക്തമാക്കുന്ന ചലച്ചിത്രമാണോ 'സൈക്കിൾ മോഷ്ടാക്കൾ' ? പാഠസന്ദർഭങ്ങളെ അടിസ്ഥാനമാക്കി പരിശോധിക്കുക.

33. "ഒരു കുറ്റിച്ചൂല്

ഒരു നാറത്തേപ്പ് ഞെണുങ്ങിയ വക്കാർ

ന്നൊരു കഞ്ഞിപ്പാത്രം

ഒരട്ടി മണ്ണവൾ !" (സംക്രമണം)

സ്ത്രീകളുടെ എത് തരത്തിലുള്ള സാമൂഹിക

അവസ്ഥയുടെ ചരിത്രമാണ് ഈ വരികളിൽ

ചിത്രീകരിച്ചിരിക്കുന്നത്. ഈ അവസ്ഥയ്ക്ക് ഇന്ന് മാറ്റം

സംഭവിച്ചിട്ടുണ്ടോ ? വിലയിരുത്തുക.

34. 'ചരിത്രം പലപ്പോഴും നമ്മുടെ കാഴ്ചയെ സ്വാധീനിക്കുന്നു 'കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ' എന്ന പാഠഭാഗത്തിലെ ഒരു സന്ദർഭം ഉദാഹരിച്ച് പ്രസ്താവനയുടെ പൊരുൾ പരിശോധിക്കുക ?

**35 മുതൽ 38 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

35. പ്രണയത്തിന്റെ അപാരമായ നിർവൃതിയും പ്രണയനഷ്ടത്തിന്റെ ആന്തരികവേദനകളും ഒരുപോലെ പങ്കുവയ്ക്കുന്ന കവിതയാണോ 'സന്ദർശനം' ? വിലയിരുത്തുക.

36. ഭാവിലോകത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങളാണോ നമ്മുടെ ജീവിതത്തെ അർത്ഥവത്താക്കുന്നത് ? 'ജോനാഥൻ എന്ന കടൽക്കാക്ക', 'ഓർമ്മയുടെ ഞരമ്പ്', 'മത്സ്യം' എന്നീ പാഠഭാഗങ്ങളെ ആസ്പദമാക്കി പരിശോധിക്കുക.

37. "ദേവകി മാനമ്പള്ളിക്ക് തങ്കം നായരിൽ നിന്നു മോചനമില്ല. നമ്മൾ ഒരു കാലഘട്ടത്തിന്റെ രണ്ടു മുഖങ്ങളാണ്." (ലാത്തിയും വെടിയുണ്ടയും) നോവൽ ഭാഗത്ത് വിവരിക്കുന്ന ഈ രണ്ടു സ്ത്രീകളും ഒരേ കാലഘട്ടത്തിന്റെ വ്യത്യസ്ത മുഖങ്ങളാണോ ? ഇരുവരുടെയും സ്വഭാവ സവിശേഷതകൾ വിശകലനം ചെയ്തു വ്യക്തമാക്കുക.

38. 'വാസനാവികൃതി'യുടെ രചനാപരമായ പ്രത്യേകതകളിൽ ചിലതു ചുവടെ തന്നിരിക്കുന്നു. ഇവ ചർച്ചചെയ്തു കഥയ്ക്ക് നിരൂപണം തയ്യാറാക്കുക ?

- രസകരവും നാടകീയവുമായ സംഭവ വിവരണം.
- പഴഞ്ചൊല്ലുകളും ശൈലികളും.
- സ്വന്തം കഥ പറയുന്ന രീതിയിലുള്ള അവതരണം.

---